"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം -എറണാകുളം ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.വി.എക്സ് റൂബൻസ്-ന് നിർബന്ധിത വിരമിക്കൽ നല്കി അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

G.O.(Rt)No.3252/2022/LSGD തീയതി,തിരുവനന്തപുരം, 31-12-2022

---

പരാമർശം:-

1. ബഹു.മൂവാറ്റുപ്പുഴ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിന്റെ സിസി.275/2016 നമ്പർ കേസിലെ 14.01.2020 ലെ വിധിന്യായം
2. പഞ്ചായത്ത് ഡയറക്ടറുടെ 17.01.2020, 28.04.2020, 30.11.2020, എന്നീ തിയതികളിലെ PAN 1551/2020-D2(DP) നമ്പർ കത്തുകൾ.
3. ബഹു. ഹൈക്കോടതിയുടെ Crl. A No. 188/2020 നമ്പർ കേസിലെ 07.02.2020 ലെ വിധിന്യായം.
4. സ.ഉ (സാധാ) 2183/2021/ത. സ്വ.ഭ.വ തിയതി 02.11.202021.
5. സർക്കാരിന്റെ 10.11.2021-ലെ ഇപിബി2/118/2020/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
6. ശ്രീ.വി.എക്സ് റൂബൻസ് 29.11.2021,08.12.2021, 30.05.2022 തീയതികളിൽ സമർപ്പിച്ച വിശദീകരണ പത്രികകൾ.
7. പഞ്ചായത്ത് ഡയറക്ടറുടെ 04.07.2022-ലെ PAN 1551/2020-D2(DP) നമ്പർ കത്ത്.
8. 20.12.2022 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ A1-1/56/2022- KPSCനമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.വി.എക്സ് റൂബൻസിനെ ബഹു.മൂവാറ്റുപ്പുഴ എൻക്വയറി കമ്മീഷണർ ആൻറ് സെഷ്യൽ ജഡ്ജിന്റെ പരാമർശം (1) വിധിന്യായപ്രകാരം മൂന്ന് കൊല്ലം കഠിനതടവിനും പിഴശിക്ഷയ്ക്കും വിധിച്ചതായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചതിനെതുടർന്ന് പരാമർശം (4) പ്രകാരം ടിയാളെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും കെ.സി.എസ്. (സി.സി.എ) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം ടിയാനെ സർവ്വീസിൽനിന്ന് പിരിച്ചുവിടാൻ താല്കാലിക തീരുമാനമെടുത്ത് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ചെയ്യുകയുണ്ടായി.

പരാമർശ ഉത്തരവുകൾക്കെതിരെ ശ്രീ.വി.എക്സ് റൂബൻസ് സർക്കാരിന് സങ്കടഹർജി നല്കുകയും ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA(EKM) 2039/21 നമ്പരായി കേസ് ഫയൽ ചെയ്യുകയുമുണ്ടായി. പ്രസ്തുത കേസിൽ 22.12.21 ലെ വിധിന്യായപ്രകാരം സർക്കാർ

മുൻപാകെ സമർപ്പിച്ച അനക്സ്ചർ എ 9 നിവേദനം, അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കി, വിശദീകരണം നല്കുന്നതിന് സമയം നല്കി, ടിയാനെ നേരിലോ വിർച്വലായോ കേട്ട് മൂന്ന് മാസത്തിനകം തീരുമാനമെടുക്കാൻ നിർദ്ദേശിച്ച് ഉത്തരവായിരുന്നു. ടിയാന് സസ്പെൻഷൻ കാലയളവിൽ ഉപജീവനബത്ത ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തണമെന്നും നിർദ്ദേശിക്കുകയുണ്ടായി.

വിധിന്യായപ്രകാരം ശ്രീ.വി.എക്സ് റൂബൻസനെ 26.05.22, 11.30 ന് നേരിൽ കേൾക്കുകയുണ്ടായി. വിജിലൻസ് കേസിലേയ്ക്കു നയിച്ച സാഹചര്യങ്ങളും തെളിവുകൾ ശരിയായി പരിഗണിച്ചില്ല എന്ന വസ്തുതയും ഹിയറിംഗ് വേളയിൽ ഉന്നയിക്കുകയുണ്ടായി. ഇതു വരെയുള്ള സർവ്വീസിൽ തനിക്കെതിരെ വേറെ യാതൊരു അച്ചടക്കനടപടിയും ഉണ്ടായിട്ടില്ല എന്നും 31.12.2022 ൽ താൻ വിരമിക്കുകയാണെന്നും കെ.സി.എസ്. (സി.സി.എ) ചട്ടങ്ങളിലെ ചട്ടം 18 ന്റെ കീഴിലുള്ള clause (aa) പ്രകാരം തന്റെ അപേക്ഷ പരിഗണിച്ച് തീരുമാനമെടുക്കണമെന്നും, സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ പുനപ്രവേശിപ്പിക്കണമെന്നും വിരമിക്കൽ തിയതിയായ 31.12.2022 വരെ സർവ്വീസിൽ തുടരുന്നതിന് അനുവദിക്കണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

ശ്രീ.വി.എക്സ് റൂബൻസന്റെ വിഷയത്തിൽ വിജിലൻസ് കേസിലേയ്ക്ക് നയിച്ച സാഹചര്യങ്ങളും മറ്റ് തെളിവുകളും ബഹു. ഹൈക്കോടതി മുൻപാകെയുള്ള ക്രിമിനൽ അപ്പീലിൽ പരിഗണനയിലുള്ളതിനാൽ മേൽ വസ്തുതകളുടെ merit സർക്കാർ തലത്തിൽ പരിശോധിക്കുവാൻ സാധ്യമല്ല എന്ന് കാണുന്നു.

കെ.സി.എസ്. (സി.സി.എ) ചട്ടങ്ങളിലെ ചട്ടം 18 ന്റെ കീഴിലുള്ള രണ്ടാം പ്രൊവിസോയുടെ clause (a) പ്രകാരം ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെടുന്ന ഒരാളെ ഭരണഘടനയുടെ 311 വകുപ്പിന്റെ clause (2)ന്റെ കീഴിലുള്ള proviso (a) പ്രകാരം അപ്പീൽ നിലനില്ക്കുന്നുണ്ടോ ശിക്ഷ മരവിപ്പിച്ചിട്ടുണ്ടോ എന്നത് കണക്കിലെടുക്കാതെ ഉടനടി സർവ്വീസിൽനിന്ന് dismiss/remove ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മേൽ ചട്ടങ്ങളിലെ clause (aa) പ്രകാരം അന്തിമതീരുമാനമെടുക്കുന്നതിന് മുൻപ് ജീവനക്കാരന്റെ സ്വഭാവം, കുറ്റത്തിന്റെ ഗൗരവം, ഭരണനിർവ്വഹണത്തിൽ കുറ്റം ചെലുത്തിയ സ്വാധീനം, മറ്റ് പരിഗണനാർഹമായ സാഹചര്യങ്ങൾ ഉണ്ടെങ്കിൽ അവ കൂടി കണക്കിലെടുത്ത് സർവ്വീസിൽ നിന്നും പിരിച്ചുവിടണമോ വേണ്ടയോ എന്നതിന്മേൽ സർക്കാരിന് തീരുമാനമെടുക്കാവുന്നതാണെന്നും സർവ്വീസിൽനിന്ന് dismiss/remove ചെയ്യാൻ തീരുമാനമെടുക്കുന്ന പക്ഷം പിരിച്ചുവിടാതിരിക്കാൻ കാരണം ബോധിപ്പിക്കുവാൻ ജീവനക്കാരന് ന്യായമായ അവസരം നല്കണമെന്നും അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപ് പബ്ളിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

കെ.സി.എസ്. (സി.സി.എ) ചട്ടങ്ങളിലെ ചട്ടം 18 ന്റെ കീഴിലുള്ള രണ്ടാം പ്രൊവിസോയുടെ clause (aa) പ്രകാരമുള്ള കാര്യങ്ങളിൽ പഞ്ചായത്ത് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും, പരാമർശം (7) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ.വി.എക്സ് റൂബൻസ്, സെക്രട്ടറി എന്ന നിലയിലും പിന്നീട് പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ എന്ന നിലയിലും മികച്ച രീതിയിലാണ് പ്രവർത്തിച്ചിട്ടുള്ളതെന്നും ടിയാനെതിരെ മറ്റ് പരാതികളോ ആക്ഷേപങ്ങളോ ലഭിച്ചിട്ടില്ലായെന്നും ശ്രീ.വി.എക്സ്.റൂബൻസന്റെ 25 വർഷത്തെ സർക്കാർ സേവനത്തിൽ ടിയാൻ സേവനമനുഷ്ഠിച്ച ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ വിജിലൻസ് കേസ് ഒഴികെ മറ്റൊരു തരത്തിലുള്ള അച്ചടക്ക നടപടികളും ടിയാൻ നേരിട്ടിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

25 വർഷത്തെ സർക്കാർ സേവനത്തിൽ ടിയാൻ സേവനമനുഷ്ഠിച്ച ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ വിജിലൻസ് കേസ് ഒഴികെ മറ്റൊരു തരത്തിലുള്ള അച്ചടക്ക നടപടികളും ടിയാൻ നേരിട്ടിട്ടില്ലായെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, ശ്രീ.വി.എക്സ് റൂബൻസ്-നെ പിരിച്ചുവിടാനുള്ള തീരുമാനത്തിൽ ഇളവ് നല്കി നിർബന്ധിതവിരമിക്കൽ എന്ന ശിക്ഷയും അതോടൊപ്പം നിർബന്ധിതവിരമിക്കലിനെ തുടർന്ന് കെ എസ് ആർ ഭാഗം 3 ചട്ടം 6(a) അനുസരിച്ച് മാസപെൻഷന്റെ 50% തുക കുറവ് ചെയ്യാനും തീരുമാനിച്ച് ആയതിന്മേൽ പബ്ളിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം ആരായുകയുണ്ടായി.

പബ്ളിക് സർവ്വീസ് കമ്മീഷൻ ബന്ധപ്പെട്ട രേഖകൾ വിശദമായി പരിശോധിച്ചതിൽ നിന്നും കുറ്റാരോപിതന് സർക്കാർ നല്കിയ കാരണം കാണിക്കൽ നോട്ടീസിൽ രേഖപ്പെടുത്തിയിരിക്കുന്ന താത്ക്കാലിക തീരുമാനത്തിൽ നിന്നും വ്യതിചലിക്കുന്നതിനുള്ള കാരണങ്ങളൊന്നും തന്നെ ഫയൽ പരിശോധിച്ചതിൽ കാണുന്നില്ലെന്നും ഹൈക്കോടതി ടിയാന്റെ അപ്പീൽ പ്രകാരം തടവ് ശിക്ഷ സസ്പൻഡ് ചെയ്തിരുന്നുവെങ്കിലും പിഴ ശിക്ഷ ഒഴിവാക്കിയിട്ടില്ലെന്നും ടി സാഹചര്യത്തിൽ കാരണം കാണിക്കൽ നോട്ടീസിലെ താത്ക്കാലിക തീരുമാനമായ സേവനത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണെന്ന ശിക്ഷ (Rule 18(a) പ്രകാരമുള്ളത് ) തന്നെ ടിയാന് നല്കാവുന്നതാണ് കമ്മീഷൻ നിർദ്ദേശിക്കുകയും പരാമർശം (8) പ്രകാരം ഉപദേശം ലഭ്യമാക്കുകയും ചെയ്തു.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കെ.സി.എസ്. (സി.സി.എ) ചട്ടങ്ങളിലെ ചട്ടം 18 ന് കീഴിലുള്ള രണ്ടാം പ്രൊവിസോയുടെ clause (aa) പ്രകാരം പരിശോധിച്ചതിൽ ഇതു വരെയുള്ള സർവ്വീസിൽ വേറെ യാതൊരു അച്ചടക്കനടപടിയും ഉണ്ടായിട്ടില്ല എന്നും 31.12.2022 ൽ വിരമിക്കുകയാണെന്നുമുള്ള വസ്തുതകൾ പരിഗണിച്ച് മാനുഷികപരിഗണനയുടെ പേരിൽ പിരിച്ചുവിടാനുള്ള തീരുമാനത്തിൽ ഇളവ് നല്കി നിർബന്ധിതവിരമിക്കൽ എന്ന ശിക്ഷയും അതോടൊപ്പം നിർബന്ധിതവിരമിക്കലിനെ തുടർന്ന് കെ എസ് ആർ ഭാഗം 3 ചട്ടം 6(a) അനുസരിച്ച് മാസപെൻഷന്റെ 50% തുക കുറവ് ചെയ്തുകൊണ്ടും തീരുമാനിച്ച് ശ്രീ.വി.എക്സ് റൂബൻസ്-നെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവിൻ പ്രകാരമുള്ള തുടർനടപടികൾ തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN I A S
ADDITIONAL CHIEF SECRETARY

1. ശ്രീ.വി.എക്സ് റൂബൻസൻ, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി (തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ മുഖേന)
2. തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം.
3. സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം .
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ ) /(ഓഡിറ്റ്),, കേരള, തിരുവനന്തപുരം/തൃശ്ശൂർ.
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
7. ഡയറക്ടർ, ഐ.കെ.എം.., തിരുവനന്തപുരം.

8. വെബ് & ന്യൂ മീഡിയ, സൌത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
9. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/18/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം

**Signed by Priya S A**
**Date: 31-12-2022 11:45:02**

സെക്ഷൻ ഓഫീസർ